## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6719** **11-11-2021 - ൽ മറുപടിയ്ക്ക്**

## മിനി ജിംനേഷ്യങ്ങൾ സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുസ്ഥലങ്ങൾ, പാർക്കുകൾ, ഗ്രൗണ്ടുകൾ എന്നിവിടങ്ങളിൽ എല്ലാവർക്കും സൗജന്യമായി ഉപയോഗിക്കാൻ മിനി ജിംനേഷ്യങ്ങൾ സ്ഥാപിക്കാൻ കായിക വകുപ്പ് മുൻകൈ എടുക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | കായിക വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഓപ്പൺ ജിം പദ്ധതിയുമായി ബന്ധപ്പെട്ട് ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഓപ്പൺ ജിംനേഷ്യം എന്ന ഒരു പദ്ധതി, ടൂറിസം വകുപ്പിന്റെ സഹായത്തോടെ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മുതിർന്നവരുടെയും കുട്ടികളുടെയും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും യുവതലമുറയിൽ ആരോഗ്യ-കായിക ശേഷി വളർത്തിയെടുക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനുമാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നിലവിൽ പ്രചാരത്തിലുള്ള പരമ്പരാഗത ഇൻഡോർ ജിമ്മുകൾ സാധാരണക്കാർക്ക് അപ്രാപ്യമായതിനാൽ പൊതുയിടങ്ങൾ, പാർക്കുകൾ, ടൂറിസം കേന്ദ്രങ്ങൾ, തുറസ്സായ സ്ഥലങ്ങൾ (സംസ്ഥാനത്തെ മുനിസിപ്പാലിറ്റികൾ ഉൾപ്പെടെ) തുടങ്ങിയ കേന്ദ്രങ്ങളിൽ എല്ലാ വിഭാഗം ജനങ്ങൾക്കും പ്രാപ്യമായ രീതിയിൽ ഓപ്പൺ ജിം ഉപകരണങ്ങൾ സ്ഥാപിച്ച്, വ്യായാമത്തിനായുള്ള സാഹചര്യം ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സ്റ്റെയിൻലെസ് സ്റ്റീലിൽ നിർമ്മിച്ചിട്ടുള്ള ഓപ്പൺ ജിം ഉപകരണങ്ങളാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. ഓപ്പൺ ജിം ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി, ആദ്യഘട്ടത്തിൽ കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ, മിയവാക്കി മോഡൽ ഫോറസ്റ്റോടുകൂടി 10 സെന്റിലും 3 സെന്റിന് മുകളിലും മൂന്ന് സെന്റിന് താഴെയുള്ള സ്ഥലം എന്നിങ്ങനെ, 3 തരം ജിംനേഷ്യങ്ങളാണ് ആദ്യഘട്ടത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് ടൂറിസം വകുപ്പിന് കീഴിൽ തിരുവനന്തപുരം കനകക്കുന്ന്, മലപ്പുറം കോട്ടക്കുന്ന്, ആലപ്പുഴ ബീച്ച്, കോഴിക്കോട് ബീച്ച്, വയനാട് മാനന്തവാടി പഴശ്ശി പാർക്ക്, കണ്ണൂർ പയ്യാമ്പലം ബീച്ച് |

| | | | |
|---|---|---|---|
| | | | കാസർഗോഡ് വലിയപ്പറമ്പ് ബീച്ച് എന്നീ സ്ഥലങ്ങളിലാണ് ഓപ്പൺ ജിമ്മിനുള്ള സാധ്യത കേന്ദ്രങ്ങളായി പരിഗണിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ